പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2942 19.06.2014 – ൽ മറുപടിക്ക്

## പട്ടിത്താനം, രത്നഗിരി പബ്ലിക് ലൈബ്രറി കെട്ടിടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് : | | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ കെ. എസ്. റ്റി പി. യുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഏറ്റുമാനൂർ പട്ടിത്താനം രത്നഗിരി പബ്ലിക് ലൈബ്രറിയുടെ കെട്ടിടം പൊളിച്ചതിന്റെ നഷ്ട പരിഹാരം നൽകുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ; | (എ) | കളക്ടർ ചെയർമാനായ District Level Purchase Committee നിശ്ചയിച്ച നഷ്ടപരിഹാരം ലൈബ്രറി കമ്മിറ്റിയ്ക്ക് തൃപ്തികരമല്ലെന്ന് കെ. എസ്. റ്റി. പി. യെ അറിയിച്ചതിനെ തുടർന്ന് 24.09.2013 – ന് കൂടിയ കളക്ടർ ചെയർമാനായ പരാതി പരിഹാര കമ്മിറ്റിയുടെ ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനിച്ച നഷ്ടപരിഹാരം സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (ബി) | കെട്ടിടം പൊളിച്ചുമാറ്റലുമായി ബന്ധപ്പെട്ട് എംപവേർഡ് കമ്മിറ്റി നൽകിയ ശുപാർശ എന്തെന്ന് വ്യക്തമാക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (ബി) | ഇക്കാര്യത്തിൽ സംസ്ഥാനതല എംപവേർഡ് കമ്മിറ്റി യോഗം ചേർന്നിട്ടില്ല. റവന്യൂ വകുപ്പ് ഈ വിഷയം പരിശോധിച്ചുവരികയാണ്. |
| (സി) | കോട്ടയം കളക്ടറേറ്റിൽ നിന്നും തിരുവനന്തപുരത്തേക്ക് 4-3-2014-ൽ അയച്ച ജി1 - 48508/2004 ഫയലിന്റെ തുടർനടപടി വ്യക്തമാക്കാമോ ; ഇതിന്റെ ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഫയൽ നമ്പർ നൽകുമോ ? | (സി) | 04.03.2014 - ലെ കത്ത് റവന്യൂ വകുപ്പിന്റെ 16678/ബി2/14/റവ. നമ്പർ ഫയലിൽ ചേർത്ത് നടപടി തുടർന്ന് വരികയാണ്. |

സെക്ഷൻ ഓഫീസർ